# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ റ്റി വി എം ബി പി1/2/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ

നമ്പർ: കെ.എസ്.എ റ്റി വി എം ബി പി1/2/2023 തീയ്യതി: 16/03/2023

## തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 21-12-2022 | 28-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-12-2022 | 28-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി.വി.എസ്.നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശ.ജി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദുലത.ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വിർജിൻ ഷീജ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വി. മൻമോഹൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.പ്രസാദ്.എസ് | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീമതി എസ്.എം.സീനാജോയ് | സെക്രട്ടറി | 07-05-2021 | 31-10-2021 |
| ശ്രീ.രഞ്ചിത്ത്.ആർ.എസ് | സെക്രട്ടറി | 01-11-2021 | 06-12-2021 |
| ശ്രീ.വിക്രമൻ ആശാരി | സെക്രട്ടറി | 07-12-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ദിശാ മണിയൻ.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2021 | 05-10-2021 |
| ശ്രീമതി ഷംല.എം.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 06-10-2021 | 31-03-2022 |
| ശ്രീമതി ദീപ്തി.എൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി മേരിസുധ.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.എസ്.ആർ.മനോജ് | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 20-04-2021 |
| ശ്രീ.ഹരികൃഷ്ണൻ.സി.ജി | പട്ടികജാതി വികസന ഓഫീസർ | 21-04-2021 | 15-06-2021 |
| ശ്രീമതി ഷീജാ ബീവി | പട്ടികജാതി വികസന ഓഫീസർ | 16-06-2021 | 15-07-2021 |
| ശ്രീ.കെ.കെ.പ്രസാദ് | പട്ടികജാതി വികസന ഓഫീസർ | 16-07-2021 | 04-08-2021 |
| ശ്രീ.അൻവർ.കെ | പട്ടികജാതി വികസന ഓഫീസർ | 05-08-2021 | 31-03-2022 |
| ശ്രീ.ഷിബുഷൈൻ.വി.സി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 24-09-2021 |
| ശ്രീ.അനീഷ് കുമാർ.പി | വ്യവസായ വികസന ഓഫീസർ | 25-09-2021 | 31-03-2022 |
| ഡോ.ജസ്റ്റിൽ ബേസിൽ.റ്റി.എസ് | മെഡിക്കൽ ഓഫീസർ , വെൺപകൽ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.മംഗള.എസ് | മെഡിക്കൽ ഓഫീസർ, പുല്ലുവിള | 01-04-2021 | 31-03-2022 |
| ശ്രീ.പി.ബാലചന്ദ്രൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 06-12-2021 |
| ശ്രീ.സുനിൽ.കെ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 07-12-2021 | 31-03-2022 |
| ശ്രീമതി താര.വി | ശിശുവികസന പ്രോജക്ട് ഓഫീസർ | 01-04-2021 | 02-11-2021 |
| ശ്രീമതി സിന്ധു.എൽ | ശിശുവികസന പ്രോജക്ട് ഓഫീസർ | 03-11-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-5 |
| 6 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 7 | ലേല വരവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-7 |
| 8 | പണം സ്വീകരിച്ച് കണക്കു വരവു വയ്ക്കുന്നതിലെ അപാകങ്ങൾ | 1-8 |
| 9 | മുലയൻതാന്നി കുടിവെള്ള പദ്ധതി നടപ്പിലായില്ല | 1-9 |
| 10 | ഡിസ്മാന്റിൽ ചെയ്തയിനങ്ങളുടെ സൂക്ഷിപ്പ്, ലേലം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല | 1-10 |
| 11 | ജി.എസ്.ടി യിനത്തിലെ ചെലവു തുക -3,187/-രൂപ തിരികെ ഒടുക്കേണ്ടതാണ്. | 1-11 |
| 12 | ടെണ്ടർ ഫോം രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-12 |
| 13 | ഗുണഭോക്തൃവിഹിതമിനത്തിലെ വരവു ചെലവു തുകകൾ പൊരുത്തപ്പെടുന്നില്ല | 1-13 |
| 14 | വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം - സംരംഭങ്ങൾ പ്രവർത്തനക്ഷമമല്ല – 1,00,000/- രൂപ തടസ്സം ചെയ്യുന്നു. | 1-14 |
| 15 | വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുക ചെലവഴിക്കാതെ അക്കൗണ്ടുകളിൽ നിലനിറുത്തിയിരിക്കുന്നു. | 1-15 |
| 16 | ഡയാലിസിസ് ,ക്യാൻസർ രോഗികൾക്ക് ചികിത്സാധനസഹായം-258000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 17 | വൃക്കരോഗികൾക്ക് ചികിത്സാധനസഹായം-200000/-രൂപ തടസ്സപ്പടുത്തുന്നു. | 1-17 |
| 18 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാധനസഹായം -199951/-രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | മരുന്നുകൾ ലഭ്യമായിട്ടില്ല - 450000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-19 |
| 20 | സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 1-20 |
| 21 | മെറിറ്റോറിയസ്സ് സ്കോളർഷിപ്പ്-രേഖകൾ ഹാജരാക്കിയിട്ടില്ല-90000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 22 | മാലിന്യ സംസ്കരണം കാര്യക്ഷമമല്ല. | 1-22 |

| | | |
|---|---|---|
| 23 | ജനകീയ ഹോട്ടലുകൾക്ക് റിവോൾവിംഗ് ഫണ്ട്- ഫണ്ടിന്റെ ചംക്രമണം ഉറപ്പുവരുത്തിയിട്ടില്ല – 80000/- രൂപ തടസ്സം ചെയ്യുന്നു. | 1-23 |
| 24 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-1453400 രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 25 | ലൈബ്രറികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ-അപാകത-30004 രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | തുല്യതാ പഠനം-പഠിതാക്കളുടെ ഫീസ്- പദ്ധതി നടത്തിപ്പിലെ അപാകത-273650 രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 22.02.2021 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് മുന്നിരുപ്പ് 4658920/-, വരവ് 481351000/-, ചെലവ് 482812000/-, ബജറ്റ് നീക്കിയിരുപ്പ് 3197920/-

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ബജറ്റ് തയ്യാറാക്കുന്നതിനു 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് നിയമം 214 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ഉദാഹരണമായി

1) ബജറ്റ് തയ്യാറാക്കുന്നതിന് ഘടകസ്ഥാപനങ്ങളിൽ നിന്നും നോൺപ്ലാൻ വരവ്, ചെലവുകളുടെ കരട് പ്രപ്പോസൽ സ്വീകരിച്ചിട്ടില്ല.

2) ബജറ്റ് തയ്യാറാക്കുന്നതിന് വികസനകാര്യ, ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം കൂടി തീരുമാനങ്ങൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ബജറ്റ് ശുപാർശകൾ സ്വീകരിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളത്.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6), (8) പ്രകാരം ബജറ്റ് പ്രകാരം വകയിരുത്തിയതിലുമധികമായി ചെലവുകൾ ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി തുക ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| ഓണറേറിയം, സിറ്റിംഗ് ഫീ, യാത്രാബത്ത തുടങ്ങിയ ചെലവുകൾ | 2364613 | 1990000 |
| ഇന്ററസ്റ്റ് & ഫിനാൻസ് ചാർജ്ജസ് | 1124229 | വകയിരുത്തിയിട്ടില്ല |
| സേവന മേഖലയിലെ പദ്ധതികൾക്ക് വകയിരുത്തിയത് | 52798040 | 22012835 |

4) വിവിധ ഹെഡുകളിൽ പ്രതീക്ഷിത വരവിലും കൂടുതൽ വരവ് ലഭിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 1301001 റെന്റൽ ഇൻകം ഫ്രം പ്രോപ്പർട്ടീസ് | 50492 | വകയിരുത്തിയിട്ടില്ല |
| 1402001 ഫീ & യൂസർ ചാർജ്ജസ് | 4464 | വകയിരുത്തിയിട്ടില്ല |
| 1808001 മിസലേനിയസ് റസീറ്റ്സ് | 223735 | വകയിരുത്തിയിട്ടില്ല |

5) ബജറ്റിനുള്ളിൽ ചെലവുകൾ നിയന്ത്രിക്കുന്നതിനും, അത്യാവശ്യമുള്ള ചെലവുകൾക്കായി ബജറ്റ് ഭേദഗതി വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിച്ചു കാണുന്നില്ല. കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72,73,74 എന്നിവ അനുസരിച്ച് ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പാസ്സാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് പുതുക്കുകയോ അനുപൂരക ബജറ്റ് പാസ്സാക്കുകയോ ചെയ്തിട്ടില്ല.

ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/24.12.2022) ന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 16.05.2022 | - | - |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത് ലഭ്യമാക്കേണ്ടതാണ്.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല.

3. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2022 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് ഉടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ബാധ്യതകൾ (ബി 9) '0' ആയി രേഖപ്പെടുത്തിയിരിക്കുന്നു.

4. 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

5. വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല.

6. ബാലൻസ് ഷീറ്റ് ബി 11എ കാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 1689830/- രൂപ ആണ്. അസി.എഞ്ചിനീയറുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 2,80,801/- രൂപ ആണ്.

7. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ക്യാഷ് ബുക്ക് യഥാവിധി തയ്യാറാക്കുന്നില്ല. ക്യാഷ് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾക്ക് ഖണ്ഡിക കാണുക.

8. എം.എൻ.ആർ.ഇ.ജി.എസ്. ജീവനക്കാരുടെ ശമ്പള ചെലവുകൾ മുൻകൂറായി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ നിന്നും അനുവദിക്കുന്നുണ്ടെങ്കിലും, എം.എൻ.ആർ.ഇ.ജി.എസ് വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല

9. പദ്ധതി തുകയുടെ ചെലവു വിശദാംശങ്ങൾ വാർഷികകണക്കുകളും, സുലേഖ ചെലവു പത്രികയും, എസിആർ ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | വാർഷിക കണക്കുകൾ (ആർ.പി. പ്രകാരം) | സുലേഖ പ്രകാരം | എസിആർ പ്രകാരം |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 6683314 | 6683314 | 6695188 |

10. ബാലൻസ് ഷീറ്റ് ബി11 ആകെ ആസ്തികൾ (തൻ വർഷം) 55758349 - ബി11 ആകെ ആസ്തികൾ (മുൻ വർഷം)494413445 എന്നത് തൻവർഷ ആസ്തികൾ (റസീപ്റ്റ്സ്&പേമെന്റ്സ് ആർ.പി. 38) 5951066 മായി പൊരുത്തപ്പെടുന്നില്ല

11. ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആസ്തിയും വാർഷിക കണക്കുകളും തമ്മിൽ താരതമ്യം ചെയ്യുവാൻ സാധിച്ചില്ല.

12. നിക്ഷേപ പ്രവൃത്തികൾക്കായി ഭൂജല വകുപ്പിന് പ്രോ. നം. 89/22, 54/22, 93/22, 94/22, 146/22 പദ്ധതികളിലൂടെ ആകെ 15,80,315/- അനുവദിച്ചിട്ടുണ്ട്. എന്നാൽ റസീറ്റ്സ് & പേമെന്റ്സ് ആർ പി. 47 ൽ 3,7,0977/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

13. കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് ചെലവ് തുക എ.സി.ആർ പ്രകാരം 10021236/- രൂപയും, സുലേഖ ചെലവു പത്രിക പ്രകാരം 10020533/- രൂപയുമാണ്

14. വാർഷിക കണക്കുകൾ ആർ.പി.7,31 പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡിനത്തിലെ വരവു തുക

12824798/- - സുലേഖ പ്രകാരമുള്ള ചെലവ് 10020533/- എന്നത് ആർ പി. 40(ബി) പ്രകാരമുള്ള നീക്കിയിരുപ്പ് 2803669/- മായി പൊരുത്തപ്പെടുന്നില്ല.

15. സംയുക്ത പദ്ധതികൾക്കായി നിന്നും ലഭിച്ച തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരുപ്പ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|
| പഞ്ചായത്തുകളിൽ നിന്നും ലഭിച്ചത് | 6334067 | 15091585 | 0 | 8834132 |
| ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചത് | 0 | 8746000 | 0 | 0 |

16. ആർ.പി. 43 ഹെഡ് 431400102 റെന്റ് റിസീവബിൾസ് ഫ്രം ബിൽഡിംഗ്സ് (അരിയർ) ൽ 4356/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഹെഡുകളിൽ ഡിമാന്റ് ബുക്ക് ചെയ്തിട്ടില്ല.

17. വാടക രജിസ്റ്റർ പ്രകാരം 2021-22 ൽ ലഭ്യമായ വാടക വരവ് 49,492/- രൂപയാണ്. എന്നാൽ ഇൻകം&എക്സ്പന്റിച്ചർ, റസീറ്റ്സ്& പേമെന്റ്സ് എന്നിവയിൽ ഇത് 39,492/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

18. വരവ് ചെലവുകളിൽ ഇരട്ടിപ്പ് - (എ) പദ്ധതികൾക്കായി തനത് ഫണ്ടിൽ നിന്നും അനുവദിച്ച ശേഷം റീക്ലപ്പ് ചെയ്യേണ്ടി വരുന്ന അവസരങ്ങളിൽ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക മുൻകൂർ ആയി ബുക്ക് ചെയ്ത്, തിരികെ ലഭിക്കുമ്പോൾ ക്രമീകരിച്ച രേഖപ്പെടുത്തുന്നതിനു പകരം പ്രസ്തുത തുക തനത് ഫണ്ടിലെ ചെലവും, വരവുമായി ബുക്ക് ചെയ്തു പോരുന്നു. ഉദാഹരണമായി സി.എച്ച്.സി. വെൺപകലിനു പദ്ധതിക്കായി അനുവദിച്ച 1,50,000/- രൂപ റീക്ലപ്പ് ചെയ്തപ്പോൾ വരവായി 180800199 മിസലേനിയസ് റസീറ്റ്സ് ഹെഡിൽ ബുക്ക് ചെയ്തിരിക്കുന്നു.

(ബി) എൽ.ജി.റ്റി. എസ്. ബി. അക്കൗണ്ടിൽ നിന്നും ദുരിതാശ്വാസ നിധിയിലേക്ക് കൈമാറുന്നതിനായി 10,00,000/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.ഒ.ബി. യിലെ മിസലേനിയസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത ഇടപാട് കോൺട്രാ എൻട്രി വഴി ബുക്ക് ചെയ്യാതെ വരവായി റസീറ്റ്സ്&പേമെന്റ്സിൽ (ആർ.പി. 31) ബുക്ക് ചെയ്ത ശേഷം ചെലവ് രേഖപ്പെടുത്തി.

19. അസിസ്റ്റന്റ് ഡയറക്ടർ കൃഷി ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ശേഖരിച്ചിട്ടുള്ള തുക 3,56,029/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ ആർ.പി. 31 പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിലെ വരവ് 3,76,031/- രൂപയാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 23219755 | 23219755 | 21805689 | 1414066 | 94 |
| വികസനഫണ്ട് എസ്.സി.പി. | 0 | 14601460 | 14601460 | 12696451 | 1905009 | 87 |
| സി.എഫ്.സി. ടൈഡ് | 0 | 7775041 | 7775041 | 4680897 | 3094144 | 60 |
| സി.എഫ്.സി. അൺടൈഡ് | 0 | 5307251 | 5307251 | 5339636 | -32385 | 101 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 8232528 | 8232528 | 6683314 | 1549214 | 82 |

* വിവിധ ഫണ്ടുകളുടെ വരവുകൾ സർക്കാർ അനുവദിച്ച തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് / എ.സി.ആർ പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 23219755 | 27149905 |

| | | |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 14601460 | 14802805 |

സ.ഉ.(സാധാ)നം. 2904/2021/ധന തീയതി 25.03.2021 പ്രകാരമുള്ള വികസനഫണ്ട് (ജനറൽ) വിഹിതം 39,30,150/- രൂപയും, വികസനഫണ്ട് (എസ്.സി.പി) വിഹിതം 2,01,345/- രൂപയും വരവിൽ ഉൾപ്പെടുത്താത്തതാണ് പ്രസ്തുത വ്യത്യാസത്തിനു കാരണം.

** ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവു തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ചെലവ് വിശദാംശം

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ് -അൺടൈഡ് | 5339636 | 5340339 |
| മെയിന്റനൻസ് റോഡിതരം | 6683314 | 6695188 |

*** കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

2021-22 ൽ ബ്ലോക്ക്പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 125 | 81429990 | 105 | 52016664 | 20 | 84 |

## 1-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിന്റെ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ്ഓഡിറ്റ് | 11/2022 | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.7.2018 | 2015-16 മുതൽ 2016-17 വരെ | 14.9.2018 |

## 1-6 ആഭ്യന്തരനിയന്ത്രണം

സ്വയംതൊഴിൽ സംരംഭങ്ങൾ ഉൽപ്പെടുന്ന പദ്ധതികളുടെ ലക്ഷ്യം കൈവരിക്കുന്നതിന് തുടർ നടപടികൾ നിരീക്ഷിക്കുന്നില്ല. ജൈവ അജൈവ മാലിന്യ സംസ്കരണത്തിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനവും സംരക്ഷണവും നിരീക്ഷിക്കുന്നതിനും ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിനും സാധിച്ചിട്ടില്ല.

## 1-7 ലേല വരവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

ഉപയോഗ ശൂന്യമായ സാധന സാമഗ്രികൾ ലേലം ചെയ്തു നൽകുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി വിവിധ തീരുമാനങ്ങളിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും, ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ലേലവരവു ഉൾപ്പെടുന്നില്ല. ചുവടെ ചേർക്കുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ലേലനടപടികൾ സ്വീകരിച്ചതിന്റെയും, പ്രസ്തുത നടപടികളിൽ നിന്നും ലഭ്യമായ വരുമാനത്തിന്റെയും വിശദാംശങ്ങൾ ലഭ്യമായില്ല.

| ഭരണസമിതി തീരുമാനം | വിശദാംശം |
|---|---|

| | |
|---|---|
| 17.06.2021, 3(4)<br>22.07.2021, 5(2) | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിന്നിരുന്ന അപകടകരമായ മരങ്ങളുടെ ശിഖരങ്ങൾ മുറിച്ച് മാറ്റിയത് എ.ഇ. യെ കൊണ്ട് വാല്യുവേഷൻ എടുത്ത് ലേലം ചെയ്തു കൊടുക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി |
| 13.09.2021, 7(1)<br>11.10.2021, 5(2)<br>28.10.2021, 3(1)<br>25.11.2021, 7(1)<br>21.12.2021, 6(1)<br>12.01.22, 2(3) | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നിന്നും പൊളിച്ചുമാറ്റിയ പഴയ സ്റ്റേജ് സാമഗ്രികളും, ഹരിത വനിതാ കാന്റീനിൽ നിന്നും നീക്കം ചെയ്ത പഴയ സാമഗ്രികളും ഡി.ഇ.ഒ. ഓഫീസിനു സൈഡിലായി അടുക്കി വച്ചിരിക്കുന്ന ഓടുകളും ലേലം ചെയ്തു കൊടുക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി |
| 28.10.2021, 4(8) | വെൺപകൽ സി.എച്ച്.സി. യിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുമായി ബന്ധപ്പെട്ട് ടോയിലറ്റ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഒരു പ്ലാവും ഒരു മാവും ലേലം ചെയ്തു കൊടുക്കുവാൻ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി |

ലേലനടപടികൾ സ്വീകരിച്ച് തുക ഒടുക്കിയതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/24.12.2022) മറുപടി ലഭ്യമായില്ല. മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ലേല നടപടികൾ സ്വീകരിച്ചതിന്റെയും, തുക തനതു ഫണ്ടിലേക്ക് ഒടുക്കിയതിനുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-8 പണം സ്വീകരിച്ച് കണക്കു വരവു വയ്ക്കുന്നതിലെ അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ 67,702/- രൂപ വിവിധയിനങ്ങളിലെ വരവായി ലഭിച്ചിട്ടുണ്ട്. വരവു സ്വീകരിക്കുന്നതും, അക്കൗണ്ട് ചെയ്യുന്നതും സംബന്ധിച്ച അപാകങ്ങൾ ചുവടെ.

1) തുക സ്വീകരിക്കുന്ന തീയതിയിൽ സാംഖ്യയിൽ വരവു വക്കുന്നില്ല. അതതു ദിവസത്തെ ക്യാഷ് ബുക്കിൽ പ്രസ്തുത തുക രേഖപ്പെടുത്തപ്പെടുന്നില്ല. തുക ട്രഷറിയിൽ (എൽ.ജി.റ്റി.എസ്.ബി അക്കൗണ്ട് നം. 799013000000884) ഒടുക്കിയ ശേഷം ട്രഷറി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തുന്ന സമയത്തു മാത്രമാണ് വരവായി സാംഖ്യയിൽ ഉൾപ്പെടുത്തുന്നത്.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ ക്യാഷ് ബുക്ക് അതതു ദിവസം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കുറേ ദിവസങ്ങൾക്ക് ഒരുമിച്ച് പ്രിന്റ് എടുത്തു സൂക്ഷിക്കുന്ന രീതിയാണ് അനുവർത്തിച്ചിട്ടുള്ളത്.

3) വരവു തുക പൂർണ്ണമായും അക്കൗണ്ടിൽ ഒടുക്കുന്നില്ല. ജി.എസ്.ടി. ഉൾപ്പെടെയുള്ള തുക സ്വീകരിക്കുമ്പോൾ ജി.എസ്.ടി. പ്രസ്തുത ഹെഡിലും, മറ്റു വരവുകൾ അവയുടെ ബന്ധപ്പെട്ട ഹെഡിലും വരവായി രേഖപ്പെടുത്തേണ്ടതും, തുടർന്ന് ജി.എസ്.ടി. ബന്ധപ്പെട്ട ഹെഡിൽ ചെലവു രേഖപ്പെടുത്തി ഒടുക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ജി.എസ്.ടി. ഇനത്തിൽ വരവോ, ചെലവോ രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം 21-22 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് 5,562/- രൂപ ജി.എസ്.ടി. ഇനത്തിൽ ഒടുക്കിയിട്ടുണ്ട്.

4) പണമായി സ്വീകരിക്കുന്ന തുക അതതു ദിവസമോ, തൊട്ടടുത്ത പ്രവൃത്തി ദിവസമോ അക്കൗണ്ടിൽ ഒടുക്കേണ്ടതാണെങ്കിലും, തുക ഒടുക്കുന്നതിൽ കാലവിളംബം ഉണ്ടായി. വിശദാംശം ചുവടെ.

| രസീത് നം./തീയതി | വരവു തുക | തുക അക്കൗണ്ടിൽ ഒടുക്കിയ തീയതി |
|---|---|---|
| 333/29.09.2021 | 6125 | 05.10.2021 |
| 336/12.11.2021 | 25867+4656 ജി.എസ്.ടി. | 23.11.2021 |
| 337/13.12.2021 | 1341+241ജി.എസ്.ടി. | 13.12.2021 |
| 338/29.12.2021 | 3700+666ജി.എസ്.ടി. | 01.01.2022 |
| 339/10.01.2022 | 2625 | 12.01.2022 |
| 341/10.01.2022 | 5250 | 12.01.2022 |
| 342/12.01.2022 | 2625 | 17.01.2022 |
| 344/15.02.2022 | 4375 | 16.02.2022 |
| 345/03.03.2022 | 2625 | 07.03.2022 |

മേൽ അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/26.12.2022) മറുപടി ലഭ്യമാക്കിയില്ല. വരവു തുകയുടെ കണക്കുകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-9 മുലയൻതാന്നി കുടിവെള്ള പദ്ധതി നടപ്പിലായില്ല

പ്രോജക്റ്റ് നം 93/22 മുലയൻതാന്നി കുടിവെള്ള പദ്ധതി

അടങ്കൽ - 5,00,000 ( ധനകാര്യകമ്മിഷൻ അവാർഡ്)

ചെലവ് - 3,70,977 (Sanction Order No 253/15.02.2022 , A/C No 1566101091704 Canara Bank Kamukinkode Date 16.02.2022)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ)

മുലയൻതാന്നി കുടിവെള്ള പദ്ധതിയുടെ ഭാഗമായി സ്ഥലത്തെ തുറന്ന കിണർ മൂടി ചുറ്റമതിൽ ചെയ്ത് വസ്തു സംരക്ഷിക്കുന്നതിനും കുഴൽകിണർ നിർമിച്ച് സ്രോതസ് കണ്ടെത്തുന്നതിനുമായാണ് എസ്റ്റിമേറ്റ് തയാറാക്കിയിരുന്നത് (ഓഡിറ്റ് അന്വേഷണം നം 16/28.12.2022). പ്രോജക്റ്റ് പ്രകാരം കുടിവെള്ള പദ്ധതിയ്ക്കായി ട്യൂബ് വെൽ നിർമാണത്തിന് കേരള ഭൂജലവകുപ്പിന് 3,70,977/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ പദ്ധതി പ്രദേശത്ത് ട്യൂബ് വെൽ നിർമാണം നടന്നിട്ടില്ലാത്തതായും സ്ഥലത്തെ പഞ്ചായത്ത് കിണർ മാലിന്യനിക്ഷേപം കാരണം ഉപയോഗശൂന്യമായ നിലയിലും കാണപ്പെട്ടു. ട്യൂബ് വെൽ നിർമിക്കുന്നതിന് സ്ഥലത്തെ പ്രാദേശിക തർക്കം കാരണം സാധിച്ചിട്ടില്ലായെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. നിക്ഷേപിച്ച തുക തിരികെ നൽകാമെന്ന് ഭൂജലവകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട് ( ജി.ഡബ്ല്യൂ/ജി ഒ റ്റി *1412*/21 തീയതി 19.11.2022) .

ഉപയോഗശൂന്യമായ കിണറിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനും മുലയൻതാന്നി കുടിവെള്ള പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു. ഭൂജലവകുപ്പിൽ നിന്നും 3,70,977/- രൂപ തിരികെ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 ഡിസ്മാന്റിൽ ചെയ്തയിനങ്ങളുടെ സൂക്ഷിപ്പ്, ലേലം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

1. പ്രോജക്റ്റ് നം - 59/22 ഒ പി വെയിറ്റിംഗ് ഹാൾ റൂഫ് മാറ്റി സ്ഥാപിക്കൽ- പുല്ലുവിള സി.എച്ച്.സി

അടങ്കൽ - 171000 ( മെയിന്റനൻസ് ഫണ്ട് നോൺ റോഡ് )

ചെലവ് - 170760 ( ബിൽ നം 1/03.09.21 )

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ (എൽ എസ് ജി ഡി)

കരാറുകാരൻ - അജിത്കുമാർ റ്റി

PAC – 1,52,520

എം ബുക്ക് നം - 47/2021-22

T S No 7888/2021-22 , EST No 2021/121072

പുല്ലുവിള സി.എച്ച്.സിയിലെ ഒ.പി വെയിറ്റിംഗ് ഹാൾ റൂഫ് മാറ്റി സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റ് തുക ചെലവഴിച്ചിരിക്കുന്നത്. ടി പ്രോജക്റ്റിന്റെ എം ബുക്ക് നം 47/21-22 പേജ് നം 1,2 പ്രകാരം Dismantle ചെയ്ത ഇനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ലേലത്തിനായി സമർപ്പിക്കുന്ന വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. Dismantle ചെയ്ത ഇനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| ഇനം | അളവ് |
|---|---|
| 15.17.1- Dismantling Steel Work In Single Sections Including Dismembering And Stacking Within 50mtrs Lead | 89.328kg |
| 15.28.1 Dismantling Roofing Including Ridges, Hips, Velleys, And Gutters Etc And Stacking The Material Within 50 Mtrs Lead Of GS Sheet | 91.98m$^2$ |

12.08.2021 ലെ 4-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം സി.എച്ച്.സി യിൽ നിന്നും നീക്കം ചെയ്ത ഷീറ്റും മറ്റനുബന്ധ സാമഗ്രികളും ലേലം ചെയ്യുന്നതിനായി സർവേ റിപ്പോർട്ടുൾപ്പെടെ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ( 11.08.2021 ലെ 101/AEE/ATR/20-21) സാധനങ്ങൾ ലേലം ചെയ്ത് അതിൽ നിന്നും ലഭിക്കുന്ന തുക എച്ച്.എം.സി ഫണ്ടിൽ ഇടുവാൻ ബ്ലോക്ക് ഭരണസമിതി മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ സർവേ റിപ്പോർട്ട് പ്രകാരം GI ഷീറ്റിന് (27.94@92) 2,539/- രൂപയും GI പൈപ്പിന് (55.83@92.5) 5,164/-രൂപയും ഉൾപ്പെടെ 7,703/-രൂപയാണ് വാല്വേഷൻ കണക്കാക്കിയിരിക്കുന്നത്.

ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികളുടെ വിവരം, തുക എച്ച്.എം.സി ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയതിന്റെ രേഖകൾ, ലേലം ചെയ്തിട്ടില്ലെങ്കിൽ ഡിസ്മാന്റിൽ ചെയ്ത ഇനങ്ങളുടെ നിലവിലെ സ്ഥിതി, തുടർനടപടി വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി (പുല്ലുവിള) (നം 7/24.12.2022) എന്നിവർ മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ വ്യക്തത വരുത്തേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) പ്രോജക്ട് നം - 56/22 അംബദ്ക്കർ കമ്മ്യൂണിറ്റി ഹാൾ നവീകരണം

അടങ്കൽ - 363602 (വികസനഫണ്ട് എസ് സി പി )

ചെലവ് - 350038 ( ബിൽ നം 7/24.11.21 Rs 267752

ബിൽ നം 10/10.01.22 Rs 82286)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ (എൽ എസ് ജി ഡി)

എഗ്രിമെന്റ് നമ്പർ - 14/AE/LSGD/ATR/2021-22 Dtd 28.09.21

കരാറുകാരൻ - അജിത്കുമാർ റ്റി

PAC – 446311.96

എം ബുക്ക് നം - 102/2021-22

അംബേദ്ക്കർ കമ്മ്യൂണിറ്റി ഹാൾ നവീകരണം എന്ന പദ്ധതിയുടെ എം ബുക്ക് നം പേജ് നം 1 പ്രകാരം Dismantle ചെയ്ത ഇനങ്ങൾ ഗ്രാമപഞ്ചായത്തിലേയ്ക്ക് കൈമാറുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ച വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. Dismantle ചെയ്ത ഇനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| ഇനം | അളവ് |
|---|---|
| Extra Item 15.28.1<br>Dismantling Roofing Including Ridges Hips Valleys And Gutters Etc And Stacking The Material Within 50mts Lead GS Sheet | 164.123m$^2$ |

ടി പ്രവർത്തി നിർവഹണവുമായി ബന്ധപ്പെട്ട് പൊളിച്ചെടുത്ത 163 ജി.ഐ ഷീറ്റ് അംബേദ്ക്കർ കമ്യൂണിറ്റി ഹാളിന്റെ കോമ്പൗണ്ടിൽ തന്നെ സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്നും ആയത് അടിയന്തിരമായി പഞ്ചായത്തിന് കൈമാറണമെന്നും അറിയിച്ചുകൊണ്ട് 23.10.21 ൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഡിസ്മാന്റിൽ ചെയ്തയിനങ്ങൾ ഡിസ്പോസ് ചെയ്തതിന്റെ വിശദാംശങ്ങൾ (ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ രേഖകൾ അല്ലെങ്കിൽ ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ) ആവശ്യപ്പെട്ടുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം7/24.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മരാമത്ത് പ്രവർത്തികളുടെ ഭാഗമായി ഡിസ്മാന്റിൽ ചെയ്യുന്ന ഇനങ്ങളുടെ സൂക്ഷിക്കൽ, ലേലനടപടികൾ എന്നിവ യഥാസമയം സ്വീകരിക്കാത്തത് പഞ്ചായത്ത് ആസ്തികളുടെ ദുരുപയോഗത്തിനും തനത് ഫണ്ട് ചോർച്ചയ്ക്കും കാരണമാകുന്നു. അപാകതകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 ജി.എസ്.ടി യിനത്തിലെ ചെലവു തുക -3,187/-രൂപ തിരികെ ഒടുക്കേണ്ടതാണ്.

പ്രോജക്ട് നം - 122/22 അസിസ്റ്റന്റ് എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിലെ ദൈനം ദിന ചെലവുകൾ

അടങ്കൽ - 56647 ( മെയിന്റൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 56620 ( ₹43242 ബിൽ നം 17/17.07.21

₹ 13378 ബിൽ നം 34/30.12.21)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ ( Lsgd)

അസിസ്റ്റന്റ് എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിലെ ദൈനം ദിന ചെലവുകൾക്കായുള്ള മേൽ പ്രോജക്ടിൽ ബിൽ നം 17പ്രകാരം 43,242/- രൂപയിൽ യാമി ഇൻഫോടെക് എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ പ്രകാരമുള്ള ക്ലെയിമിന്റെ അടിസ്ഥാനത്തിൽ 19,962/- രൂപ നൽകിയിട്ടുണ്ട്. (ക്യാഷ് ബിൽ ലഭ്യമല്ല.) ഇതിൽ 3,187/- രൂപ

ജി.എസ്.ടിയിനത്തിലെ തുകയാണ്. എന്നാൽ ലഭ്യമാക്കിയ ക്വട്ടേഷനിൽ ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 19% തുകയാണ് ജി.എസ്.ടി നിരക്കായി ക്ലെയിം ചെയ്തിരിക്കുന്നത്. ജി.എസ്.ടി ചട്ടങ്ങൾ പ്രകാരം ഇത്തരത്തിലൊരു നിരക്ക് നിലവിലില്ല. ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ പരാമർശിച്ചിട്ടില്ലാത്തതിനാലും ജി.എസ്.ടി നിരക്ക് അംഗീകൃതമല്ലാത്തതിനാലും ഈയിനത്തിലെ ചെലവ് 3,187/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.1/ 22.12.2022). തുക തിരികെ ഒടുക്കുവരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 ടെണ്ടർ ഫോം രജിസ്റ്റർ സൂക്ഷിക്കുന്നില്ല

സ്റ്റോർ പർച്ചെയ്സ് മാനവൽ 2013 ഖണ്ഡിക 7.35, 7.36 എന്നിവ പ്രകാരം വിൽപന നടത്തിയ ടെണ്ടർ രേഖകളുടെ എണ്ണം , രേഖകൾ വാങ്ങിയവരുടെ പട്ടിക, ലഭ്യമായ തുകയുടെ വിശദാംശം , വിൽപന നടത്താതിരുന്ന ടെണ്ടർ രേഖകളുടെ എണ്ണം എന്നീ വിവരങ്ങളുടെ വ്യക്തമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്. ടെണ്ടർ ഫോം ആർക്കാണോ ഇഷ്യു ചെയ്യുന്നത് ആയാളുടെ പേരുവിവരങ്ങൾ ടെണ്ടർഫോമിന്റെ മുൻവശത്ത് രേഖപ്പെടുത്തേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് തിയതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതും ടെണ്ടർ ഫോമിന്റെ എല്ലാ പേജിലും സീരിയൽ നമ്പർ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവർത്തികളിലെ ഫയലുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ടെണ്ടർ ഫോമുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകളില്ല. കൂടാതെ ഇഷ്യു ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ എണ്ണം , ലഭ്യമായ തുക , നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ടെണ്ടർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ജി.ഒ(പി)നം-429/15 ഫിൻ തീയതി-28.09.2015 പ്രകാരം 50,000 ന മുകളിൽ 10 ലക്ഷം വരെയുള്ള മരാമത്ത് പ്രവൃത്തികളിൽ നിന്നും എസ്റ്റിമേറ്റിന്റെ 0.2% ( Minimum 500 To Maximum 20,000) ടെൻഡർ ഫോമിന്റെ വിലയായി ഈടാക്കേണ്ടതാണ്. കൂടാതെ ടെൻഡർ ഫോം വിലയുടെ 12% ജി.എസ്.ടിയും ഈടാക്കേണ്ടതാണ്. എന്നാൽ ടെൻഡർ ഫോം വില ഈടാക്കിയതിൽ കുറവുണ്ട് ( കുറവ് വന്ന തുക 752/-രൂപ 28.12.2022 ൽ ട്രഷറിയിൽ ഒടുക്കുവരുത്തിയിട്ടുണ്ട്, ഓഡിറ്റ് എൻക്വയറി നം. 31/22.12.2022). വില്പനയിനത്തിൽ ലഭ്യമാകുന്ന തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ട്രഷറി മുഖാന്തിരം അടവാക്കുന്നുണ്ടെങ്കിലും ടെണ്ടർ ഫോം , ജി.എസ്.ടി എന്നീയിനങ്ങളിലെ വരവ് പ്രത്യേകമായി വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടെണ്ടർ ഫോം വിൽപനയിൽ ജി.എസ്.ടി യിനത്തിൽ ലഭ്യമാകുന്ന തുകയിൽ കൃത്യതയില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-13 ഗുണഭോക്തൃവിഹിതമിനത്തിലെ വരവു ചെലവു തുകകൾ പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് ഡയറക്ടർ കൃഷി നിർവഹണം ചെയ്ത രണ്ടു പദ്ധതികളിൽ ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കളിൽ നിന്നും സ്വീകരിച്ച നടപ്പാക്കിയവയാണ്. ഗുണഭോക്തൃവിഹിതമിനത്തിൽ ശേഖരിക്കുന്ന തുകക്ക് രസീത് നൽകേണ്ടതാണെങ്കിലും എ.ഡി.എ. യുടെ കാര്യാലയത്തിൽ നിന്നും അപ്രകാരം രസീത് നൽകുന്നില്ല. ഗുണഭോക്തൃവിഹിതം സ്വീകരിച്ച് അതതുദിവസം തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഒടുക്കുന്നതായി അറിയിച്ചുവെങ്കിലും ഇതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല. ഗുണഭോക്തൃവിഹിതമിനത്തിൽ പണമായി കൈപ്പറ്റുന്ന തുക സംബന്ധിച്ച വിശദാംശം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുമില്ല.

എ.ഡി.എ. യുടെ പദ്ധതി ഫയൽ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ശേഖരിച്ച ഗുണഭോക്തൃവിഹിതം 356029/- രൂപയാണ്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ വരവുമായി (3,76,031/- രൂപ) പൊരുത്തപ്പെടുന്നില്ല. ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവു ചെയ്ത തുകയുടെ വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

പദ്ധതികളുടെ വിശദാംശം ചുവടെ.

| പ്രോജക്റ്റിന്റെ പേര് | ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഒടുക്കിയ ഗുണഭോക്തൃ വിഹിതം | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2021-22 ൽ അനുവദിച്ച ഗുണഭോക്തൃ വിഹിതം | 2021-22 പദ്ധതികളുടെ ഭാഗമായി അനുവദിക്കാനവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം |
|---|---|---|---|
| 132/22 സുഭിക്ഷ കേരളം - കേരവൃക്ഷം ഇടവിള കൃഷി പദ്ധതി (വനിത | 7749 | 3,875/- (ചെക്ക് നം.1661815/18.02.2022) | 3874/- (കെയ്യോസ്ക്ക്) |

| | | | |
|---|---|---|---|
| ഗ്രൂപ്പുകൾക്ക്) | | | |
| 58/22 സുഭിക്ഷ കേരളം - ഗ്രോ ബാഗ് (വനിതാ ഗ്രൂപ്പുകൾക്ക്) | 348280 | 1,00,000/- (ചെക്ക് നം.1661815/18.02.2022) | 148280/- (റെയ്ഡ്കോയ്ക്ക്) 100000/- (വെങ്ങാനൂർ കാർഷിക കർമ്മസേനക്ക്) |
| ആകെ | 356029 | 103875 | 252154 |

മേൽ പദ്ധതികൾക്കായി ശേഖരിച്ചതിൽ 356029/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ എ.ഡി.എ. ഒടുക്കിയതിനുള്ള രേഖകൾ പരിശോധനക്ക് ലഭ്യമായി. പ്രസ്തുത തുക പദ്ധതിയുടെ ഭാഗമായി കെയ്കോ, റെയ്ഡ്കോ, വെങ്ങാനൂർ കാർഷിക കർമ്മസേന എന്നിവർക്ക് കൈമാറുന്നതിനായി എ.ഡി.എ. വിവിധ തീയതികളിൽ കത്ത് നൽകിയെങ്കിലും, ആകെ 1,03,875/- രൂപ (ചെക്ക് നം. 1661815/18.02.2022) മാത്രമാണ് ടി സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ചത് (റെയ്ഡ്കോ യ്ക്ക് 50000 + കെയ്കോ യ്ക്ക് 3875 + വെങ്ങാനൂർ കാർഷിക കർമ്മസേന യ്ക്ക് 50000).

തുടർന്ന്, എ.ഡി.എ. യുടെ കത്തുകളുടെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ടുന്ന ബാക്കി തുക 2,52,154/- രൂപ (356029 – 103875) ആയിരുന്നെങ്കിലും 2,56,031/- രൂപ (ചെക്ക് നം. 1661885/24.06.2022) അനുവദിച്ചതായി കാണുന്നു. എന്നാൽ ഇത് ആർക്കൊക്കെ അനുവദിച്ചുവെന്നത് വ്യക്തമല്ല. തുക അനുവദിച്ചതു സംബന്ധിച്ച ബിംസ് നടപടിക്രമം, അക്നോളഡ്ജ്മെന്റ് എന്നിവ ലഭ്യമായില്ല. 3,877/- രൂപ അധികമായി അനുവദിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഗുണഭോക്തൃവിഹിതമിനത്തിലെ വരവ് ചെലവുകളിലെ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/28.12.2022) സെക്രട്ടറിയും എ.ഡി.എ. യും മറുപടി ലഭ്യമാക്കിയില്ല. പരാമർശത്തിനു മറുപടി ലഭ്യമാക്കേണ്ടതും, അധികമായി തുക ചെലവ് ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം - സംരംഭങ്ങൾ പ്രവർത്തനക്ഷമമല്ല - 1,00,000/- രൂപ തടസ്സം ചെയ്യുന്നു.

പ്രോ. നം. 61/22 വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം

അടങ്കൽ തുക - 1000000/-
200000/- വികസനഫണ്ട് (പൊതു വിഭാഗം)
800000/- മറ്റുള്ളവ.

ചെലവ് തുക - 200000/- വികസനഫണ്ട് (പൊതു വിഭാഗം)

ബിൽ നം./തീയതി - 5/21.03.2022 - 1,00,000/-

6/23.03.2022 - 1,00,000/-

നിർവഹണാധികാരി - ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി പ്രകാരം പവിത്രം ആക്ടിവിറ്റി ഗ്രൂപ്പ്, അതിയന്നൂർ ഗ്രാമപഞ്ചായത്ത് മാതാ കാറ്ററിംഗ് യൂണിറ്റ്, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾക്കു സ്വയം തൊഴിൽ നടത്തുന്നതിലേക്കുള്ള വായ്പയിന്മേലുള്ള സബ്സിഡിയായി ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. സംരംഭകരുടെ വിശദാംശം ചുവടെ.

| തൊഴിൽ സംരംഭം | വായ്പ തുക | വായ്പ നൽകിയ ധനകാര്യ സ്ഥാപനം | നടത്താനുദ്ദേശിച്ച തൊഴിൽ |
|---|---|---|---|
| മാതാ കാറ്ററിംഗ്, മരുതൂർകോണം, കോട്ടുകാൽ പി.ഒ. | 300000 | കേരള ബാങ്ക്, കാഞ്ഞിരംകുളം ശാഖ | പാകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങൾ ലഭ്യമാക്കുക |
| പവിത്രം ആക്ടിവിറ്റി ഗ്രൂപ്പ്, ഇലവിൻമൂട്, അതിയന്നൂർ | 300000 | കാനറാ ബാങ്ക്, കമുകിൻകോട് ശാഖ | കേക്ക്, പലഹാര നിർമ്മാണം |

പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ.

എ) ഒരു കുടുംബശ്രീ യൂണിറ്റിലെ തൊഴിൽ ചെയ്യുന്നതിനു തത്പരരായ 5 പേർ അടങ്ങുന്ന സംഘങ്ങൾക്കാണ് പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചത്. തുക അനുവദിക്കുന്നതിനു മുൻപായി സംരംഭത്തിന്റെ ശരിയായ നടത്തിപ്പ് സംബന്ധിച്ചും, പദ്ധതി തുകയുടെ കാര്യക്ഷമമായ വിനിയോഗം സംബന്ധിച്ചും സംരംഭകരുമായി നിയമാനുസൃത കരാറിലേർപ്പെട്ടില്ല.

ബി) സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.4 പ്രകാരം ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞ ശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പുകൾക്ക് മാത്രമാണ് ആനുകൂല്യം അനുവദിക്കേണ്ടത്. എന്നാൽ മാതാ കാറ്ററിംഗ് യൂണിറ്റ് കോട്ടുകാൽ സി.ഡി.എസ്. ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് 02.02.2022 ലാണ്. പവിത്രം ആക്ടിവിറ്റി ഗ്രൂപ്പ് സി.ഡി.എസ്. ൽ രജിസ്ററർ ചെയ്തതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. (കുടുംബശ്രീ രജിസ്ട്രേഷൻ രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്). സംരംഭങ്ങൾ പ്രവർത്തിച്ച് തുടങ്ങുന്നതിനു മുൻപു തന്നെ സബ്സിഡി തുക ലോൺ എടുത്തിട്ടുള്ള ബാങ്കുകൾക്ക് കൈമാറിയിരിക്കുന്നു.

സി) സംരംഭങ്ങൾക്ക് ഇടപാടുകൾ നടത്തുന്നതിലേക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. എന്നാൽ വായ്പാ തുക കൈമാറിയിട്ടുള്ളത് മാത്രമാണ് ഈ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സംരംഭത്തിന്റെ വരവു, ചെലവു ഇടപാടുകൾ ബാങ്ക് അക്കൗണ്ട് മുഖാന്തിരം നടത്തുന്നില്ല. വരവു-ചെലവു രേഖകളും, കണക്കുകളും ഈ സംരംഭങ്ങൾ സൂക്ഷിച്ചിട്ടില്ല. രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നും, ഗ്രൂപ്പ് അംഗങ്ങൾക്ക് തുടർച്ചയായ വരുമാനം ലഭിക്കുന്നുണ്ടോ എന്നും വ്യക്തമല്ല.

ഡി) മേൽ സംരംഭങ്ങളുടെ പ്രവർത്തനം നേരിട്ട് കാണുന്നതിലേക്കായി 27.12.2022 ൽ സന്ദർശിച്ചതിൽ പവിത്രം ആക്ടിവിറ്റി ഗ്രൂപ്പ് വാങ്ങിയ കേക്ക് നിർമ്മാണത്തിനുപയോഗിക്കുന്ന ഏതാനും ഗൃഹോപകരണങ്ങൾ ഏകദേശം 15,000/- രൂപയിൽ താഴെ മാത്രം മൂല്യം വരുന്നത് സംരംഭത്തിന്റെ സെക്രട്ടറിയുടെ വീട്ടിൽ കാണാൻ കഴിഞ്ഞു. സംരംഭം എന്തെങ്കിലും തൊഴിൽ/വ്യാപാരം നടത്തുന്നതായി ബോധ്യപ്പെടാനായില്ല.







മാതാ കാറ്ററിംഗ് യൂണിറ്റ് സെക്രട്ടറിയുടെ വീടിനോടു ചേർന്നിട്ടുള്ള വാർത്ത റൂമിൽ പാചകം നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവ സ്ഥിരമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതായി ബോധ്യപ്പെടാനായില്ല.

മേൽ പരാമർശിച്ചവ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 11/26.12.2022, 18/28.12.2022) മറുപടി ലഭ്യമാക്കിയില്ല. സംരംഭങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ സ്ഥിര നിക്ഷേപത്തിനും, പ്രവർത്തന ചെലവുകൾക്കുമായി 3 ലക്ഷം രൂപയുടെ വായ്പയോടുകൂടി പ്രവർത്തനമാരംഭിക്കുന്നതായി രേഖകളിൽ കാണുന്നുവെങ്കിലും, സംരംഭങ്ങൾ പ്രവർത്തിക്കുന്നതായോ, ഏതെങ്കിലും കാലയളവിൽ പ്രവർത്തിച്ചിരുന്നതായോ ബോധ്യപ്പെടാനായില്ല. പവിത്രം ആക്ടിവിറ്റി ഗ്രൂപ്പ് പ്രവർത്തിക്കുന്നതായി അറിയിച്ച വീട്ടിൽ കേവലം ഗൃഹോപകരണങ്ങൾ മാത്രമാണ് കാണാൻ സാധിച്ചത്. ഉത്പാദനം, വിപണനം എന്നിവ നടക്കുന്നതായോ, ആർക്കെങ്കിലും തൊഴിൽ ലഭിക്കുന്നതായോ ബോധ്യപ്പെടാനായില്ല. ആയതിനാൽ ടി ഗ്രൂപ്പിന്റെ വായ്പയിന്മേൽ അനുവദിച്ച സബ്സിഡിയായ 1,00,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-15 വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുക ചെലവഴിക്കാതെ അക്കൗണ്ടുകളിൽ നിലനിറുത്തിയിരിക്കുന്നു.

വിവിധ ആവശ്യങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്തിനു ലഭ്യമായ തുക ചെലവഴിക്കാതെ വിവിധ അക്കൗണ്ടുകളിലായി നിലനിറുത്തിയിരിക്കുന്നു. വാർഷിക കണക്കുകൾ ബി4 ഷെഡ്യൂളിൽ ഇപ്രകാരം നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുക സംബന്ധിച്ച വിശദാംശം ചുവടെ.

| ഹെഡ് | 31.03.2022 ലെ നീക്കിയിരുപ്പ് തുക |
|---|---|
| 320700208 വില്ലേജ് പഞ്ചായത്തുകളിൽ നിന്നും ലഭ്യമായത് | 8834132 |
| 320800101 ഗുണഭോക്തൃവിഹിതം | 272156 |
| 350200301 റിക്കവറീസ് പേയബിൾ കോവിഡ് | 101800 |

തുകകൾ ഏതു ഇനത്തിലേതാണെന്നും, തുക ചെലവഴിക്കാതെ നീക്കിയിരുപ്പായി നിലനിറുത്തിയിട്ടുള്ളതിനുള്ള കാരണവും വിശദമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/21.12.2022) മറുപടി ലഭ്യമാക്കിയില്ല.

തുകകൾ എന്തു ആവശ്യത്തിനു ലഭ്യമായതാണെന്നു പരിശോധിച്ചുറപ്പാക്കേണ്ടതും, വിനിയോഗിക്കുവാൻ സാധിക്കാത്ത തുകകൾ അടിയന്തിരമായി ബന്ധപ്പെട്ട വ്യക്തികൾ/സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 ഡയാലിസിസ് ,ക്യാൻസർ രോഗികൾക്ക് ചികിത്സാധനസഹായം-258000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 78/22
അടങ്കൽ : 258000/-
ചെലവ് : 258000/-
ഫണ്ട് : വികസന ഫണ്ട്
ബിൽ നം . 27/21-22, 7.3.22 തുക : 200000/-
42/21-22, 31.3.22 തുക : 58000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. വെൺപകൽ

ഡയാലിസിസ് ,ക്യാൻസർ രോഗികൾക്ക് ചികിത്സാസഹായം (പ്രോജക്ട് നം. 78/22) എന്ന പദ്ധതി പ്രകാരം ഗുണഭോക്താക്കൾ ഹാജരാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ 2000,4000,6000, 8000,10000 എന്നീ നിരക്കുകളിൽ 61 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനസഹായം നൽകിയിരിക്കുന്നു. 40 ഗുണഭോക്താക്കളുടെ അപേക്ഷയുടെ ഒറിജിനൽ ഫയലിൽ ലഭ്യമല്ല. സർക്കാർ ഉത്തരവ് (കൈ )നമ്പർ 22/ 2018 /തസ്വഭവ തീ.14.02.2018ലെ സബ്സിഡി- ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 5.7 പ്രകാരം വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും പണമായി ധനസഹായം നൽകാൻ പാടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2,2.3 എന്നിവ പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി/ ധനസഹായം നൽകുന്നതിന് സർക്കാർ മുൻകൂർ അനുമതി ആവശ്യമാണ്. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ് എന്നും പരാമർശിച്ചിട്ടുണ്ട് മേൽ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡി മാർഗരേഖയിൽ പ്രതിപാദിക്കാത്ത ഒരിനത്തിന് പണമായി ധനസഹായം നൽകുക വഴി സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനമാണ് നടത്തിയിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് ഏകീകൃതമല്ലാതെ വ്യത്യസ്ത നിരക്കുകളിൽ ആനുകൂല്യം നൽകിയതിന് വിശദീകരണം നൽകേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം നം. 12/26.12.22) ജീവിതശൈലീരോഗമുള്ളവരിൽ ഏറ്റവും കൂടുതൽ ഡയാലിസിസ്, ക്യാൻസർ രോഗികളാണെന്നും ഒറിജിനൽ ബില്ലുകൾ മെഡിക്കൽ ഓഫീസറുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കുന്നവർക്ക് മാത്രമാണ് ധനസഹായം നല്കിയിരിക്കുന്നതെന്നും അറിയിച്ചിരിക്കുന്നു. സർക്കാർ സാധൂകരണം ലഭ്യമാക്കി 258000/-രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-17 വൃക്കരോഗികൾക്ക് ചികിത്സാധനസഹായം-200000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 69/22
അടങ്കൽ : 200000/-
ചെലവ് : 200000/-
ഫണ്ട് : വികസന ഫണ്ട്
ബിൽ നം . 17/21-22, 2.9.21 തുക : 34000/-
21/21-22, 6.10.21 തുക : 37135/-
37/21-22, 27.12.21 തുക : 77243/-
44/21-22, 4.3.22 തുക : 38443/-
45/21-22, 9.3.22 തുക : 13179/-
നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. പുല്ലുവിള

വൃക്ക രോഗികൾക്ക് ചികിത്സാസഹായം (പ്രോജക്ട് നം. 69/22) എന്ന പദ്ധതി പ്രകാരം ഗുണഭോക്താക്കൾ ഹാജരാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ 17 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനസഹായം നൽകിയിരിക്കുന്നു. ഗുണഭോക്താക്കളുടെ അപേക്ഷകളുടെ ഒറിജിനൽ ഫയലിൽ ലഭ്യമല്ല. സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/ 2018 /തസ്വഭവ തീ.14.02.2018ലെ സബ്സിഡി- ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 5.7 പ്രകാരം വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും പണമായി ധനസഹായം നൽകാൻ പാടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2,2.3 എന്നിവ പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി/ ധനസഹായം നൽകുന്നതിന് സർക്കാർ മുൻകൂർ അനുമതി ആവശ്യമാണ്. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ് എന്നും പരാമർശിച്ചിട്ടുണ്ട് മേൽ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ

സബ്സിഡി മാർഗരേഖയിൽ പ്രതിപാദിക്കാത്ത ഒരിനത്തിന് പണമായി ധനസഹായം നൽകുക വഴി സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനമാണ് നടത്തിയിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് ഏകീകൃതമല്ലാതെ വ്യത്യസ്ത നിരക്കുകളിൽ ആനുകൂല്യം നൽകിയതിന് വിശദീകരണം നൽകേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം നം. 19/28.12.22) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ സാധൂകരണം ലഭ്യമാക്കി 200000/-രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-18 ഡയാലിസിസ് രോഗികൾക്ക് ചികിത്സാധനസഹായം -199951/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 39/22

അടങ്കൽ : 200000/-

ചെലവ് : 199951/-

ഫണ്ട് : വികസന ഫണ്ട്

ബിൽ നം . 19/21-22, 23.12.21 തുക : 89964/-

46/21-22, 21.3.22 തുക : 109987/-

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. വിഴിഞ്ഞം

ഡയാലിസിസ് രോഗികൾക്ക് ചികിത്സാധനസഹായം എന്ന പദ്ധതി പ്രകാരം 21 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനസഹായം നൽകിയിരിക്കുന്നു. ഗുണഭോക്താക്കളുടെ അപേക്ഷകളോ ഡയാലിസിസിന് വിധേയരാകുന്നതിന്റെ രേഖകളോ ഫയലിൽ ലഭ്യമല്ല. എല്ലാവർക്കും ഒരേ നിരക്കിലല്ല ധനസഹായം നൽകിയിരിക്കുന്നത്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018/തസ്വഭവ തീ.14.02.2018ലെ സബ്സിഡി-ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 5.7 പ്രകാരം വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും പണമായി ധനസഹായം നൽകാൻ പാടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2,2.3 എന്നിവ പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി/ ധനസഹായം നൽകുന്നതിന് സർക്കാർ മുൻകൂർ അനുമതി ആവശ്യമാണ്. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ് എന്നും പരാമർശിച്ചിട്ടുണ്ട് മേൽ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡി മാർഗരേഖയിൽ പ്രതിപാദിക്കാത്ത ഒരിനത്തിന് പണമായി ധനസഹായം നൽകുക വഴി സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനമാണ് നടത്തിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും ഹാജരാക്കേണ്ടതും ഏകീകൃതമല്ലാതെ വ്യത്യസ്ത നിരക്കുകളിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം നൽകേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 20/28.12.22 ) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ സാധൂകരണം ലഭ്യമാക്കി 199951/-രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-19 മരുന്നുകൾ ലഭ്യമായിട്ടില്ല - 450000/-രൂപ തടസ്സപ്പെടുത്തുന്നു.

2021-22 വർഷം മെഡിക്കൽ ഓഫീസർ സി.എച്ച്.സി,പുല്ലുവിള നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്ന് വാങ്ങൽ, സി.എച്ച്.സി.പുല്ലുവിള (പ്രോജക്ട് നം-63/21-22, 114/21-22) എന്ന പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 450000/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | ബിൽ.നം./തീയതി | തുക |
|---|---|---|
| 63/2021-22 | 18/2021-22<br>30.9.21 | 250000 |
| 11/2021-22 | 11/2021-22<br>11.8.21 | 200000 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 19/28.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ തുകയും നൽകിയിട്ടും മരുന്നുകൾ ലഭിക്കാത്തതിനാൽ 450000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഈ വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തി എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

സ്റ്റോർ പർച്ചേസ് മാനുവൽ ഖ. 12-22 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ സ്റ്റോക്ക് സ്വീകരിച്ച് ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 ലും സ്റ്റോർ പരിശോധിച്ച് സ്റ്റോക്കിലെടുക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. ആർട്ടിക്കിൾ 158 പ്രകാരം വർഷത്തിലൊരിക്കലെങ്കിലും സ്റ്റോറുകളുടെ

പരിശോധന നടത്തേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.പുല്ലുവിള, നിർവഹണ ഉദ്യോഗസ്ഥനായി ഇ-ഹെൽത്ത് നോംസ് ആശുപത്രി നവീകരണം പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ 55/ 27.3.22, 56/27.03.22 എന്നിവ പ്രകാരം രണ്ട് സ്റ്റൂളുകളും ഇ-ഹെൽത്ത് പ്രോജക്ടിൽ നിന്നും അഡീഷണൽ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി വാട്ടർ പ്യൂരിഫയർ (കെന്റ്) മോഡുലാർ റാക്ക് എന്നിവയും വാങ്ങിയിട്ടുണ്ട് എന്നാൽ പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകൾക്കൊപ്പം ലഭ്യമാക്കിയ പർച്ചെയ്സ് ബില്ലുകളിൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖപ്പെടുത്തലുകളില്ല.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 13/26.12.22) സ്റ്റോക്കിലെടുത്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൃത്യമായ രേഖപ്പെടുത്തലുകളോടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 മെറിറ്റോറിയസ്സ് സ്കോളർഷിപ്പ്-രേഖകൾ ഹാജരാക്കിയിട്ടില്ല-90000/-രൂപ തടസ്സപ്പെടുത്തുന്നു.

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 2020-21 സാമ്പത്തിക വർഷത്തിലെ മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പ്രൊജക്ടിൽ ഉൾപ്പെട്ട രണ്ട് ബില്ലുകൾ 26.03.21 ന് ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും മതിയായ അലോട്ട്മെന്റ് ഇല്ലാത്തതിനാൽ മാറി കിട്ടിയില്ല എന്നും ഈ ബില്ലുകൾ 21-22 സാമ്പത്തികവർഷം ഉൾപ്പെടുത്തി മാറുവാൻ ഭരണസമിതി ചർച്ച ചെയ്തു 12.08.2021ലെ 3/10 നമ്പർ തീരുമാനമെടുത്തതായും ആയതിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ലഭിക്കാത്ത ഷിനു.ബി.എസ്സ്, മനു.എസ്സ്, (ബിൽ നം 60/2020-21, തുക 40000/-) അജീഷ അജിത്ത്, ആദർഷ് എം.ആർ (ബിൽ നം 61/2020-21, തുക 50000/-) എന്നീ വിദ്യാർത്ഥികൾക്ക് 21-22 വർഷം സ്കോളർഷിപ്പ് നല്കിയിരിക്കുന്നതായും ഫയലും രജിസ്റ്ററും പരിശോധിച്ചതിൽ മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ 2020-21 സാമ്പത്തിക വർഷം 26.03.21 ന് ട്രഷറിയിൽ സമർപ്പിച്ച രണ്ട് ബില്ലുകൾ മാറിയിട്ടില്ല എന്നുറപ്പാക്കാൻ ആവശ്യമായ ട്രഷറി ബിൽ ബുക്ക്(2020-21), ഹാജരാക്കിയിട്ടില്ല. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (2020-21) പ്രകാരം ചെലവ് 1875000/-രൂപയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 1755000/-രൂപയും ആണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം നം. 21/28.12.22) മറുപടി ലഭ്യമാക്കിയില്ല. 90000/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവിന്റെ ആധികാരികത ഉറപ്പാക്കാൻ 2020-21 സാ മ്പത്തിക വർഷത്തെ ട്രഷറി ബിൽ ബുക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 മാലിന്യ സംസ്കരണം കാര്യക്ഷമമല്ല.

വെൺപകൽ സി എച്ച് സി 2021-22 വർഷത്തിൽ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി രണ്ടു പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

134/2022 എന്ന പദ്ധതി പ്രകാരം മാലിന്യ സംസ്കരണത്തിനായി 98585/- രൂപയും

മാലിന്യ സംസ്കരണം (പ്രോജക്ട് നം. 125/22)എന്ന പ്രോജക്ടിന്റെ ഭാഗമായി വേസ്റ്റ് മാനേജ്മെൻറ് സ്റ്റേഷൻ നിർമ്മാണപ്രവർത്തനത്തിന് ചെലവായി ഷാജികുമാർ പിഎസ് എന്ന വ്യക്തിക്ക് 1.28956/-രൂപയും നൽകിയിരിക്കുന്നു . എന്നാൽ സ്ഥലപരിശോധനയിൽ ഇ – മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ , ഗ്ലാസ്സ് മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ , പേപ്പർ വേസ്റ്റ് മാലിന്യങ്ങൾ എന്നിങ്ങനെ കംമ്പാർട്ട്മെന്റുകളായി തിരിച്ച വേസ്റ്റ് മാനേജ്മെൻറ് സ്റ്റേഷൻ പ്രവർത്തന രഹിതമായും സ്റ്റേഷനു സമീപത്തു ജൈവ അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിച്ചു നശിപ്പിക്കുന്നതായും കണ്ടു. ജനവാസ മേഖലയിൽ ഇത്തരത്തിൽ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ഖരമാലിന്യ സംസ്കരണ നിയമം 2016 ലെ വകുപ്പ് (10) ന്റെ ലംഘനമാണ്. വേസ്റ്റ് മാനേജ്മെൻറ് സ്റ്റേഷൻ പ്രവർത്തനരഹിതമായ നിലനിൽക്കുകയും അതിൻറെ പരിസരപ്രദേശങ്ങൾ ചവറുകുനയായും ഉപയോഗിക്കുക വഴി പദ്ധതി ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് വിലയിരുത്തുന്നു. മാലിന്യങ്ങളെ വേർതിരിച്ച് ഉചിതമായ രീതിയിൽ സംസ്കരിക്കുന്നതിന് ആശുപത്രി അധികൃതർ ശ്രദ്ധ ചെലുത്തേണ്ടതാണ് ശാസ്ത്രീയമായ മാലിന്യ സംസ്കരണം തദ്ദേശസ്ഥാപനങ്ങളുടെ അനിവാര്യമായ ഒരു കടമയാണ്. സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കി മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ് ആശുപത്രികളിലെയും മെഡിക്കൽ ലാബുകളിലെയും മാലിന്യശേഖരണവും സംസ്കരണവും ശാസ്ത്രീയമായി കുറ്റമറ്റ രീതിയിലാക്കാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി യുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ജനകീയ ഹോട്ടലുകൾക്ക് റിവോൾവിംഗ് ഫണ്ട്- ഫണ്ടിന്റെ ചംക്രമണം ഉറപ്പുവരുത്തിയിട്ടില്ല – 80000/- രൂപ തടസ്സം ചെയ്യുന്നു.

പ്രോ. നം. 133/22 വിശപ്പു രഹിത കേരള (ജനകീയ ഹോട്ടൽ) റിവോൾവിംഗ് ഫണ്ട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ തുക - 80000 വികസനഫണ്ട് (പൊതു വിഭാഗം)

ചെലവു തുക - 80000 വികസനഫണ്ട് (പൊതു വിഭാഗം)

നിർവഹണാധികാരി - ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്കായി 80,000/- രൂപ വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും പിൻവലിച്ച് ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടുകളിലേക്ക ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

| ബിൽ നം./തീയതി | അനുവദിച്ച തുക | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1/27.12.2021 | 20000 | കരുംകുളം |
| 2/05.01.2022 | 20000 | വെങ്ങാനൂർ |
| 3/05.01.2022 | 20000 | അതിയന്നൂർ |
| 4/03.03.2022 | 20000 | കോട്ടുകാൽ |

സ.ഉ.(കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 21.2 പ്രകാരം റിവോൾവിംഗ് ഫണ്ട് എന്നത് താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണെന്നും, പ്രസ്തുത തുക പ്രതിമാസ തവണകളായി തിരികെ റിവോൾവിംഗ് ഫണ്ട് റീക്രൂപ്പ്മെന്റ് അക്കൗണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം തുക തിരികെ റീകൂപ്പ്മെന്റ് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളൊന്നും തന്നെ സ്വീകരിക്കാതെയാണ് പദ്ധതി തുക പിൻവലിച്ച് ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തുകൾ ജനകീയ ഹോട്ടൽ സംരംഭകർക്ക് കൈമാറിയതിനുള്ള രേഖകളും ലഭ്യമായില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/26.12.2022) മറുപടി ലഭ്യമാക്കിയില്ല. മറുപടി യുടെ അഭാവത്തിലും, തുക റീക്രൂപ്പ്മെന്റ് അക്കൗണ്ടിലേക്ക് തിരികെ നിക്ഷേപിച്ച് പുനരുപയോഗപ്പെടുത്തുവാൻ സാധിക്കുന്നുണ്ടോ എന്നതു വ്യക്തമാകാത്തതിനാലും പദ്ധതി പ്രകാരമുള്ള ചെലവു തുക 80,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-1453400 രൂപ തടസ്സപ്പെടുത്തുന്നു.

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ KWAയുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/നമ്പർ | അടങ്കൽ തുക | ചെലവഴിച്ച തുക/ബിൽ നമ്പർ | ഫണ്ട് വിവരം |
|---|---|---|---|
| മണ്ണക്കല്ല് കോളനി പൈപ്പ് ലൈൻ നീട്ടൽ (SO070/2022) | 500000 | 453500 (Bill No.23 Dtd 21.12.2021) | വികസന ഫണ്ട് (എസ്.സി.പി) |
| മുതുപുരയിടം കൊല്ലവിളാകം പൈപ്പ് ലൈൻ SO072/2022 | 500000 | 500000 (Bill No.24 Dtd 21.12.2021) | വികസന ഫണ്ട് (എസ്.സി.പി) |
| ഓടൽ ആല്നിന്ന കോളനി പൈപ്പ് ലൈൻ SO129/22 | 500000 | 499900 (Bill No.35 Dtd.24.2.2022) | വികസന ഫണ്ട് (എസ്.സി.പി) |

മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ , നെയ്യാറ്റിൻകര വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയർക്ക് തുക കൈമാറിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നം. 9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ലൈബ്രറികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ-അപാകത-30004 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റിന്റെ പേര്-ലൈബ്രറികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ

അടങ്കൽ തുക-550000/-രൂപ (വികസന ഫണ്ട്-523000/-,തനത്ഫണ്ട്-27000/-)

ചെലവ് വിവരം-30004 രൂപ (Bill No.42/22 Dtd 26.3.22)

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടാത്ത കരുംകുളം ജോയ് ആർട്സ് &സ്പോട്സ് ക്ലബ് എന്ന ലൈബ്രറിക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായിട്ടാണ് പദ്ധതി.പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കെൽട്രോണിന്റെ ഇൻവോയിസ് പ്രകാരം മുൻകൂറായി തുക ഒടുക്കുവരുത്തിയിട്ടുണ്ട്.മുൻകൂറായി തുക ഒടുക്കുവരുത്തിയിട്ടും നാളിതുവരെ കമ്പ്യൂട്ടർ ഉപകരണങ്ങൾ ലഭിച്ചിട്ടില്ലായെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടു. മേൽവിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നം.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടാത്ത സ്ഥാപനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കിയതിനാലും, ഉപകരണങ്ങൾ ലഭ്യമാകാത്തതിനാലും ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 തുല്യതാ പഠനം-പഠിതാക്കളുടെ ഫീസ്- പദ്ധതി നടത്തിപ്പിലെ അപാകത-273650 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം-S0009/22
പ്രോജക്റ്റ്പേര്-തുല്യതാ പഠനം- പഠിതാക്കളുടെ ഫീസ്
അടങ്കൽ തുക-300000/-രൂപ (തനത് ഫണ്ട്)
ചെലവ് വിവരം-273650/- രൂപ (Ch.no.1661840 Dtd 30.3.2022)
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പത്താംതരം തുല്യതാ കോഴ്സിനു പഠിതാക്കളുടെ കോഴ്സ് ഫീസായി 53650/- രൂപയും,ഹയർസെക്കൻഡറി തുല്യതാ പരീക്ഷയ്ക്കായി 120000/- രൂപയും, ഗുഡ് ഇംഗ്ലീഷ് കോഴ്സിനായി 100000/-രൂപയും കേരളാ സാക്ഷരതാ മിഷനു നല്കുന്നതിനാണ് മേൽ പ്രോജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രോജക്റ്റ് ഫയലിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കോഴ്സ് ഫീ അടവാക്കിയ ഗുണഭോക്താക്കളുടെ അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2.ഗുണഭോക്താക്കൾ ഏത് പഞ്ചായത്തുകളിൽ നിന്നും തിരെഞ്ഞെടുത്തെന്നോ പ്രസ്തുത പഞ്ചായത്തുകളിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

3.പഠിതാക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.

4.പഠിതാക്കളിൽ എത്ര പേർ സാക്ഷരതാ മിഷൻ നടത്തിയ ക്ളാസിൽ പങ്കെടുത്തുവെന്നോ,പരീക്ഷ എഴുതി എന്നോ വ്യക്തമല്ല .
5. പഠിതാക്കളിൽ എത്രപേർക്ക് ഗുഡ് ഇംഗ്ലീഷ് കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കിട്ടി എന്ന വിവരം ലഭ്യമല്ല.

6.സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറിൽ നിന്നും പ്രൊജക്റ്റുകൾക്കായി അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.
ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം.9 ന് മറുപടി ലഭ്യമായിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ പത്രിക പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പി.എം.എ.വൈ പദ്ധതിയ്ക്കായി ലഭിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഞ്ഞിരംകുളം | 2021-22 | പി.എം.എ.വൈ (ജി) | 210000 | 210000 | 0 |
| കോട്ടുകാൽ | 2021-22 | പി.എം.എ.വൈ (ജി) | 1400000 | 1400000 | 0 |
| വെങ്ങാനൂർ | 2021-22 | പി.എം.എ.വൈ (ജി) | 630000 | 630000 | 0 |
| കരുംകുളം | 2021-22 | പി.എം.എ.വൈ (ജി) | 700000 | 700000 | 0 |
| അതിയന്നൂർ | 2021-22 | പി.എം.എ.വൈ (ജി) | 1240000 | 1240000 | 0 |
| *ജില്ലാ പഞ്ചായത്ത്* | 2021-22 | പി.എം.എ.വൈ (ജി) | 836000 | 836000 | 0 |
| ആകെ | | | 5016000 | 5016000 | |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് (2020-21 ബി4) | വരവ് (2020-21 RP 31) | ആകെ | ചെലവ് (സുലേഖ പ്രകാരം) * | നീക്കിയിരിപ്പ് (2020-21 ബി4) |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 6334067 | 15091585 | 20107585 | 0 | 8834132 |

*ചെലവ് സംബന്ധിച്ച വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വിശദാംശങ്ങളും വാർഷിക കണക്കുകൾ, സുലേഖ പ്രകാരമുള്ള വിശദാംശങ്ങളും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾ

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | ഭൂജലവകുപ്പ് | 89/22 ഊരുട്ടുവിള കുടിവെള്ള പദ്ധതി | 96407 |
| 2 | ഭൂജലവകുപ്പ് | 54/22 ചരുവിള സെറ്റിൽമെന്റ് കോളനി കുടിവെള്ള പദ്ധതി | 370977 |
| 3 | ഭൂജലവകുപ്പ് | 93/22 മുലയൻതാന്നി കുടിവെള്ള പദ്ധതി | 370977 |
| 4 | ഭൂജലവകുപ്പ് | 94/22 വലിയവിള കുടിവെള്ള പദ്ധതി | 370977 |
| 5 | ഭൂജലവകുപ്പ് | 146/22 കല്ലുവെട്ടാൻകുഴി കുടിവെള്ള പദ്ധതി | 370977 |
| ആകെ | | | 1580315 |

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | കെ.ഡബ്ല്യു.എ. | 70/22 മണ്ണക്കല്ല് കോളനിപൈപ്പ് ലൈൻ നീട്ടൽ | 453500 |

| | | | |
|---|---|---|---|
| 2 | കെ.ഡബ്ല്യു.എ. | 129/22 ഓടൽ ആലുനിന്ന കോളനി പൈപ്പ് ലൈൻ നീട്ടൽ | 499900 |
| 3 | കെ.ഡബ്ല്യു.എ. | 72/22 മുതുപുരയിടം കൊല്ലവിളാകം പൈപ്പ് ലൈൻ നീട്ടൽ | 500000 |
| ആകെ | | | 1453400 |

എ.എഫ്.എസ് പ്രകാരം

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം * | ആകെ | ചെലവ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 3273196 | 0 | 3273196 | 0 | 3273196 |
| കെ.ഡബ്ല്യു.എ | 2566394 | 1453400 | 4019794 | 0 | 4019794 |
| ഭൂജലവകുപ്പ് | 0 | 370977 | 370977 | 0 | 370977 |

* യഥാർത്ഥ നിക്ഷേപവും വാർഷിക കണക്കുകൾ പ്രകാരമുള്ള നിക്ഷേപവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇല്ല | | | | | | |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8958546 |
| ഓഡിറ്റ് വർഷത്തെ വരവ് | 90762153 |
| ആകെ | 99720699 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 85711465 |
| നീക്കിയിരിപ്പ് | 14009234 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3187 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,35,005 |

ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,00,000 | അനീഷ് കുമാർ പി,<br>വ്യവസായ വികസന ഓഫീസർ |
| 1-16 | 258000 | ഡോ ജസ്റ്റിൻ ബേസിൽ റ്റി. എസ്, മെഡിക്കൽ ഓഫീസർ സി.എച്ച് .സി വെൺപകൽ |
| 1-17 | 2,00,000 | ഡോ മംഗള എസ്, മെഡിക്കൽ ഓഫീസർ സി.എച്ച്.സി പുല്ലുവിള |
| 1-18 | 1,99,951 | ഡോ ജവഹർ, മെഡിക്കൽ ഓഫീസർ സി.എച്ച് സി. വിഴിഞ്ഞം |
| 1-19 | 4,50,000 | ഡോ മംഗള എസ്,<br>മെഡിക്കൽ ഓഫീസർ സി.എച്ച്.സി പുല്ലുവിള |
| 1-21 | 90,000 | അൻവർ കെ, പട്ടികജാതി വികസന ഓഫീസർ |
| 1-23 | 80,000 | അനീഷ് കുമാർ പി,<br>വ്യവസായ വികസന ഓഫീസർ |
| 1-24 | 14,53,400 | വിക്രമൻ ആശാരി, സെക്രട്ടറി |
| 1-25 | 30,004 | വിക്രമൻ ആശാരി, സെക്രട്ടറി |
| 1-26 | 2,73,650 | വിക്രമൻ ആശാരി, സെക്രട്ടറി |
| ആകെ | 31,35,005 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം .

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | അനീഷ് കുമാർ പി, വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ഐശ്വര്യ നിവാസ്, ആശാൻവിള, ഊരൂട്ടുകാല, നെയ്യാറ്റിൻകര |
| 2 | ഡോ ജസ്റ്റിൻ ബേസിൽ റ്റി എസ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി എച്ച് സി വെൺപകൽ | ബഥേൽ, ടൗൺ മസ്ജിദിന് എതിർവശം, നെയ്യാറ്റിൻകര |
| 3 | ഡോ മംഗള എസ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി എച്ച് സി പുല്ലുവിള | ഗോകുലം, തേവാരത്ത് കോയിക്കൽ കോളനി, ഫോർട്ട്, തിരുവനന്തപുരം |
| 4 | ഡോ ജവഹർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, വിഴിഞ്ഞം | ഡബ്ല്യൂ ജെ നിവാസ്, ലൂയിസ് കോംപൗണ്ട്, മങ്കാട്, തിരുമല |
| 5 | അൻവർ കെ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | കെ ഡബ്ല്യൂ എ ക്വാർട്ടേഴ്സ്, എ3, മരുതം കുഴി, തിരുവനന്തപുരം |
| 6 | വിക്രമൻ ആശാരി, സെക്രട്ടറി | സെക്രട്ടറി, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമീണം, കൃഷ്ണൻ കോയിൽ സ്ട്രീറ്റ്, പുന്നക്കുളം, കോട്ടുകാൽ.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-2007 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 4 |
| 2007-2008 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 1 |
| 2009-2010 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 1 |
| 2011-2012 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 1 |
| 2012-2013 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 2 |
| 2013-2014 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 2 |
| 2014-2015 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 1 |
| 2015-2016 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 9 |
| 2016-2017 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 3 |
| 2017-2018 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 2 |
| 2018-19 | KSA/TVM/.ബി.പി./2241/2019 തീയതി 18.05.20 | 34 |
| 2019-20 | KSATVM/BP1/30/2022 തീയതി 07.03.2022 | 36 |
| 2020-21 | KSA/TVM/BP-706/2021 തീയതി 02.06.2022 | 8 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്